DESPATCHED
On...25/02/2020

17/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.96(6)/2018/എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

*(ഫയൽ നം.660/എസ്.ഐ.സി–ജി 5/2018)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ആർ. അജി
പ്രതീക്ഷ, വടക്കേവിള.പി.ഒ
കൊല്ലം– 691010
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (കേന്ദ്രസ്ഥാനം)&
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
KSRTC, ചെയർമാൻ & മാനേജിംഗ് ഡയറക്ടരുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ,തിരുവനന്തപുരം.
} എതിർകക്ഷി.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 19.09..2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.09.2017 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 17.01.2018 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 20.01.2018 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 16.01..2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ.ആർ.അജി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ മറുപടി നൽകിയത് അപേക്ഷ നൽകി 1 മാസവും 24 ദിവസവും കഴിഞ്ഞാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെപ്പറയുന്ന വിവരങ്ങളാണ്:

i. 24.02.2017 ൽ ഹർജിക്കാരൻ ഒരു പരാതി CMD യ്ക്ക് നൽകുകയുണ്ടായിയെന്നും ആയത് അന്വേഷണത്തിനായി കൊല്ലം സ്ക്വാഡിന് നൽകിയെന്നും ആയതു പ്രകാരം സ്ക്വാഡ് ഇൻസ്പെക്ടറായ എ. സുരേഷ്കുമാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പിയും, സ്റ്റേറ്റ്മെന്റും നൽകണമെന്നും

ii. 12.07.2017 ൽ ഒരു പരാതി ED(O) ക്ക് നൽകുകയുണ്ടായിയെന്നും അതു പ്രകാരം കൊല്ലം സ്ക്വാഡ് ഇൻസ്പെക്ടറായ ശ്രീ.എ. സുരേഷ്കുമാർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ കോപ്പിയും സ്റ്റേറ്റ്മെന്റും നൽകണമെന്നും മറ്റുമാണ്.

. മേൽപ്പടി അപേക്ഷയിന്മേൽ 25.09.2017 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ഹർജിക്കാരന്റെ അപേക്ഷ ബന്ധപ്പെട്ട SPIO ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നാണ്. 08.11.2017 തീയതി ഹർജിക്കാരന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1–ാം ഇനത്തിൽ ആവശ്യപ്പെട്ട ഫയൽ അന്വേഷണ പരിധിയിൽ ആയതിനാൽ ആയത് വിവരാവകാശ നിയമത്തിലെ 8(1)(എച്ച്) വകുപ്പു പ്രകാരം നൽകുവാൻ നിർവ്വാഹമില്ലായെന്നും 2–ാം ഇനം സംബന്ധിച്ച് അറിയിച്ചത്, റിപ്പോർട്ടും അനുബന്ധ രേഖകളും എക്സിക്യൂട്ടീവ് ഡയറക്ടർ (വിജിലൻസ്) മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും എന്നാൽ മേൽപ്പടി രേഖകൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വിജിലൻസ് വിഭാഗത്തിന് ലഭ്യമായിട്ടില്ലായെന്നുമാണ്.

RIGHT TO INFORMATION

3 എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ SPIO & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കേന്ദ്രസ്ഥാനം) ന്റെ ഓഫീസിൽ ഉണ്ടായിരുന്നില്ലായെന്നും ആയതിനാൽ മേൽപ്പടി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി മുഖ്യ കാര്യാലയത്തിലെ കൽപ്പിത പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ സ്റ്റെനോ ടു എക്സിക്യൂട്ടീവ് ഡയറക്ടർക്കും (വിജിലൻസ്), വിജിലൻസ് ഓഫീസർ (അന്വേഷണം), അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (വിജിലൻസ് വിഭാഗം) എന്നീ പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർക്കു അയച്ചു നൽകിയിരുന്നുവെന്നും ബന്ധപ്പെട്ട പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരായ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (വിജിലൻസ് വിഭാഗം), വിജിലൻസ് ഓഫീസർ (അന്വേഷണം), എന്നിവർ കൈമാറിയ ലഭ്യമായ വിവരം ഹർജിക്കാരന് 08.11.2017 തീയതി അയച്ചു നൽകിയിരുന്നുവെന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വിജിലൻസ് വിഭാഗം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 06.11.2017 തീയതി മാത്രമാണ് വിവരം ലഭ്യമാക്കിയതെന്നും ആയതിനാലാണ് ഹർജിക്കാരന്റെ അപേക്ഷയിന്മേൽ വിവരം നൽകുന്നതിൽ കാലതാമസം നേരിട്ടതെന്നും മറ്റുമാണ്.

4 പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകിയിരുന്നില്ലായെന്നു കാണുന്നു. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിജിലൻസ് വിഭാഗം സമയബന്ധിതമായി മറുപടി നൽകാത്തതിനാൽ ആയിരുന്നു എന്ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും കമ്മീഷന് പ്രഥമ ദൃഷ്ട്യാ ബോധ്യമാകുന്നതിനാൽ, ടി വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ വിജിലൻസ് വിഭാഗം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി. ബി. ബീനക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കു വാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ

RIGHT TO INFORMATION

മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാളുടെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി 08.11.2017 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

**ഒപ്പ്**

**വിൻസൻ എം. പോൾ**

**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

RIGHT TO INFORMATION